"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചാലക്കുടി നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന വി.കെ. സുബ്രന്റെ അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1092/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/06/2021

---

പരാമർശം:- നഗരകാര്യഡയറക്ടറുടെ 10.11.2020തീയതിയിലെ ഇ8- 38115/2017 നമ്പർ കത്ത്.

## ഉത്തരവ്

ചാലക്കുടി നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വി.കെ. സുബ്രൻ 10.03.2007 മുതൽ 22.09.2013വരെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതായും, ടി കാലയളവിലേക്ക് അവധി അപേക്ഷയോ മെഡിക്കൽ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ലാത്തതിനാൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് ടിയാനെതിരേ അച്ചടക്കനടപടികൾ സ്വീകരിച്ചിരുന്നതായും എന്നാൽ ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് 22.09.2013ൽ മരണമടഞ്ഞിട്ടുള്ള ടിയാൻ ഓഫീസിൽ ഹാജരാകാതിരുന്ന കാലയളവ് യോഗ്യസേവനകാലമായി പരിഗണിച്ച് കുടുംബപെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ടിയാന്റെ ഭാര്യ അപേക്ഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 10.03.2007 മുതൽ 22.09.2013വരെ ശൂന്യവേതനാവധിയായി പരിഗണിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ആയിരിക്കെ 22.09.2013ൽ മരണമടഞ്ഞ ശ്രീ. വി.കെ. സുബ്രൻ, അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 10.03.2007 മുതൽ 22.09.2013 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88(iii) പ്രകാരം ശൂന്യവേതനാവധി യായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Jaisy Paul
അണ്ടർ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (വി.കെ. സുബ്രന്റെ സേവനപുസ്തകം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വി.കെ. സുബ്രൻ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, ചാലക്കുടി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ചാലക്കുടി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ